

വയസ്സ്

ജനന തീയതി

പേര്

വിലാസം

രക്ഷകർത്താവിന്റെ ഒപ്പ്:

കുട്ടികൾക്കുള്ള ബൈബിൾ പാഠങ്ങൾ

# ബൈബിൾ ടൈം

## പാഠം 1: ബൈബിൾ

ആരംഭ പാഠം

*എന്താണ് ബൈബിൾ?*

ദൈവം നമുക്ക് തന്നിരിക്കുന്ന വളരെ പ്രത്യേകതയുള്ള പുസ്തകമാണ് ബൈബിൾ. ദൈവത്തെക്കുറിച്ചും ദൈവപുത്രനായ യേശുവിനെക്കുറിച്ചും ഈ പുസ്തകം പറയുന്നു.



ബൈബിൾ

*ചിത്രത്തിനും ബൈബിൾ എന്ന പദത്തിനും നിറം കൊടുക്കുക*

LEVEL - 1

5 മുതൽ 7 വയസ്സുവരെ

GOSPEL FOR CHILDREN

ബൈബിളിനെ രണ്ട് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാം ഭാഗം പഴയനിയമം. ഇതിൽ യേശുവിന്റെ ജനനത്തിന് മുമ്പ് സംഭവിച്ച കാര്യങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. രണ്ടാം ഭാഗം പുതിയനിയമം. ഈ ഭാഗത്ത് യേശുവിന്റെ ജനനശേഷം സംഭവിച്ച കാര്യങ്ങളെക്കുറിച്ച് വിവരിക്കുന്നു.

***ചിത്രത്തിന് നിറം കൊടുക്കുക.***

## *പഴയ നിയമം*




## *പുതിയ നിയമം*




**ചോദ്യം :**

താഴെ കൊടുത്തിരിക്കുന്നതിൽ ശരി ഉത്തരത്തിന് വൃത്തം വരയ്ക്കുക.

**ബൈബിളിന്:** [ 3 ഭാഗങ്ങൾ ] [ 2 ഭാഗങ്ങൾ ] [ 4 ഭാഗങ്ങൾ ] ഉണ്ട്.

ബൈബിളിൽ 66 പുസ്തകങ്ങളുണ്ട്. ഇതിനെ ഒരു പുസ്തകശാല എന്ന് തീർച്ചയായും വിശേഷിപ്പിക്കാം. ഈ പഠനത്തിൽ ബൈബിളിനെ കൂടുതലായി അറിയുവാനും അതിലൂടെ ദൈവത്തേയും, ദൈവസ്നേഹത്തേയും കുറിച്ച് പഠിക്കുവാനും നിങ്ങൾക്ക് സാധിക്കും.

[ ]/10

**ആകെ** [ ]

## പാഠം : 2 – രണ്ട് വീട് പണിക്കാർ



വായന ഭാഗം
ലൂക്കോസ് 6:46-49

### ബുദ്ധിമാനും ബുദ്ധിഹീനനും

യേശു ജനത്തോട് ബുദ്ധിമാന്റെയും ബുദ്ധിഹീനന്റെയും കഥ പറഞ്ഞു.




*ചിത്രത്തിന് നിറം കൊടുക്കുക.*

LEVEL - 1

5 മുതൽ 7 വയസ്സുവരെ

ബുദ്ധിമാനായ ഒരുവൻ ഒരു വീട് പണിയുവാൻ തീരുമാനിച്ചു. ആഴത്തിൽ കുഴിച്ച് തന്റെ വീടിന്റെ അടിസ്ഥാനം പാറമേൽ ഇട്ടു. പണി പൂർത്തിയായി ഏറെ നാൾ കഴിയും മുമ്പെ കൊടുങ്കാറ്റും വെള്ളപ്പൊക്കവും വീടിനു നേരെ ആഞ്ഞടിച്ചു. എന്നാൽ ആ വീട് പാറമേൽ അടിസ്ഥാനമിട്ടിരുന്നതിനാൽ വീണില്ല.

ബുദ്ധിഹീനനായ ഒരുവനും ഒരു വീട് പണിതു. മണലിന്മേൽ പണിയുവാൻ തീരുമാനിച്ചതുകൊണ്ട് വേഗത്തിൽ പണി തീർന്നു. അടിസ്ഥാനം ബലഹീനമായിരുന്നതിനാൽ കൊടുങ്കാറ്റും വെള്ളപ്പൊക്കവും വന്നപ്പോൾ വീട് തകർന്നു വീണു!

ചോദ്യം. 1. ആരാണ് പാറമേൽ വീട് പണിതത്?

..........................................................................................

2. ആരാണ് മണലിന്മേൽ വീട് പണിതത്?

..........................................................................................

നാം ബുദ്ധിമാനെപ്പോലെ ആകണമെങ്കിൽ ദൈവം പറയുന്നത് കേൾക്കുവാനും, ചെയ്യുവാനും ഇടയാകണം. ദൈവം പറയുന്ന കാര്യങ്ങൾ കേൾക്കുന്നില്ലെങ്കിൽ നാം ബുദ്ധിഹീനനെപ്പോലെയാണ്.

☐ /10

**ആകെ** ☐

ലഭിച്ച മാർക്ക്

പാഠം 1:.........

പാഠം 2:.........

ആകെ..........

ഈ രണ്ട് പാഠങ്ങളും ബൈബിൾ ടൈമിന്റെ ആദ്യ പാഠങ്ങളാണ്. പൂർത്തീകരിച്ചതിന് ശേഷം ഈ പാഠ്യപദ്ധതി നിങ്ങൾക്ക് തന്ന അദ്ധ്യാപകന് തിരിച്ച് ഏൽപ്പിക്കുകയോ തന്നിരിക്കുന്ന അഡ്രസ്സിൽ അയച്ചു തരികയോ ചെയ്യുക.

☐ തുടർന്നുള്ള പാഠങ്ങൾ ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ബോക്സിൽ ടിക് ചെയ്യുക. നിങ്ങളുടെ രക്ഷകർത്താവിന്റെ ഒപ്പ് നിങ്ങളുടെ പേരിന്റേയും അഡ്രസ്സിന്റേയും താഴെ ഇടീക്കുക.

☐ നിങ്ങൾക്ക് സ്വന്തമായി ബൈബിൾ ഉണ്ടെങ്കിൽ ടിക് ചെയ്യുക.

പാഠങ്ങൾ അയക്കേണ്ട വിലാസം
G4C
PB No. 4
ANGAMALY - 683 572
KERALA

For Private Circulation Only